# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 374

02-12-2014ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

ചോദ്യം | ഉത്തരം

ശ്രീമതി കെ.എസ്. സലീഖ

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജ വകുപ്പ് മന്ത്രി.)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വൈദ്യുതി ചാർജ് കുടിശ്ശകയായി നിലവിൽ എന്ത് തുക പിരിഞ്ഞുകിട്ടാനുണ്ട്; | (എ) വൈദ്യുതി ചാർജ് കുടിശ്ശിക യിനത്തിൽ 30.09.2014-ലെ കണക്കുപ്രകാരം 1633.49 കോടി രൂപയാണ് പിരിഞ്ഞു കിട്ടാനുള്ളത്. |
| (ബി) ഇത്തരത്തിൽ കുടിശ്ശിക തുക അടയ്ക്കേണ്ട കേന്ദ്ര-സംസ്ഥാന-അർദ്ധ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവ ഏതെല്ലാം ; പ്രസ്തുത സ്ഥാപനങ്ങൾ ഓരോന്നും അടയ്ക്കേണ്ട കുടിശ്ശിക തുക എത്രയെന്നും വ്യക്തമാക്കുമോ ; | (ബി) വിവിധ സ്ഥാപനങ്ങൾ അടയ്ക്കുവാനുള്ള കുടിശ്ശിക തുകയുടെ വിശദവിവരങ്ങൾ അനുബന്ധം 1 മുതൽ 11 വരെ കൊടുത്തിട്ടുണ്ട് |
| (സി) വൈദ്യുതി ചാർജ് കുടിശ്ശികയായി എന്ത് തുക സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും അടയ്ക്കുവാനുണ്ട് ; | (സി) വൈദ്യുതി ചാർജ്ജ് കുടിശ്ശികയായി 481.22 കോടി രൂപയാണ് സ്വകാര്യ സ്ഥാപനങ്ങൾ അടയ്ക്കാനുള്ളത്. |
| (ഡി) ഇത്തരത്തിൽ തുക അടയ്ക്കുവാനുള്ള സ്ഥാപനങ്ങളിൽ ഏതെങ്കിലും സ്ഥാപനത്തിന്റെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം | (ഡി) കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം |

| | |
|---|---|
| വ്യക്തമാക്കുമോ; | വിച്ഛേദിക്കുക ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ റവന്യൂ റിക്കവറി നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (ഇ) കുടിശ്ശിക അടയ്ക്കുന്നതിൽ എന്ത് തുകയുടെ ഒഴിവാക്കൽ/ഇളവുകൾ ഈ സർക്കാർ അനുവദിച്ചിട്ടുണ്ട് ; വിശദമാക്കുമോ; | (ഇ) കുടിശ്ശിക തീർപ്പാക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, മിനിമം ഡിമാന്റ് ചാർജ്ജിൽ ഇളവനുവദിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (എഫ്) കുടിശ്ശിക പിരിച്ചെടുക്കാതെ നഷ്ടത്തിന്റെ പേരിൽ വൈദ്യുതി ചാർജ് ഉടൻ വർദ്ധിപ്പിക്കുവാൻ ബോർഡ് ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ പ്രസ്തുത നടപടി ഒഴിവാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എഫ്) ഇല്ല. കേരളത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള അധികാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്